Parish Bulletin - Mar 17, 2019

# St. Mary's Knanaya Catholic Parish

7800 W. Lyons, Morton Grove, IL. 60053

www.smkcparish.us . 847 919 5279




**Pastor:** Rev. Fr. Thomas Mulavanal
*eMail: mulavan@hotmail.com Ph: 310 709 5111*
***Associate Pastor:*** *Rev. Fr. Bins Chethalil*
*Ph: 281 818 6518*
***Secretary:*** *Rev. Sr.Sylverius SVM Ph: 224 432 3217*

***Trustees:***
*(Coordinator) Sabu Neduveettil Ph: 224 766 0379*
*Jomon Thekkeparambil Ph: 773 895 2361*
*Siny Thomas Nedumthuruthil Ph: 847 630 5738*
*Sunny Meledam Ph: 773 550 1995*
*Chris Kattapuram (Youth rep) Ph: 224 616 8473*

## HOLY MASS SCHEDULE

**SUNDAY**

07:45am Holy Mass in Malayalam
10:00am Holy Mass in Malayalam
11:45am Holy Mass in English
05:30pm Holy Mass in Malayalam

**MONDAY — THURSDAY**

07:00pm Holy Mass in Malayalam

**TUESDAY**

After Mass Novena to St. Anthony

**THURSDAY**

After Mass Novena to St. Jude

**FRIDAY**

06:00pm Holy Mass in Malayalam

**SATURDAY**

10:00am Holy Mass in Malayalam followed by Novena to Our Lady of Perpetual Help

## WEDDING BANNS



**Emil Alexander Kollappallil**

Wedding of Emil s/o Alex and Beena from Kollappallil family of St. Mary's Knanaya Catholic Church, Morton Grove, Chicago with Sheethel d/o Abraham Mathew and Annamma from Konamala family of St. Mary's Knanaya Jacobite Church, Chicago is scheduled on April 27, 2019.

**Shobin Mathew Nediyakalayil**

Wedding of Shobin Mathew s/o Raju and Kunjamma from Nediyakalayil family of St. Mary's Knanaya Catholic Church, Morton Grove, Chicago with Maya Thomas d/o Thomas and Jessy from Vettuparapurath family of Sacred Heart Knanaya Forane Parish, Tampa is scheduled on May 11, 2019

**Royce Jose Njaravelil**

Wedding of Royce Jose s/o Jose and Tessy fom Njaravelil family of St. Mary's Knanaya Catholic Church, Morton Grove, Chicago with Michelle d/o Cyriac Mathew and Philomina Cyriac from Chettiath family of St. Pius X Knanaya Catholic Parish, Los Angeles is scheduled on June 8, 2019

*If there is any canonical impediments, kindly inform the pastor's office.*




1) ഈ ഞായറാഴ്ച മുതൽ സി.സി.ഡി ഫെസ്റ്റിവൽ കഴിയുന്നതുവരെ രണ്ട്, മൂന്ന് വേദപാഠ ക്ളാസ്സുകൾ പത്തു മണിക്കുള്ള മലയാളം കുർബാനക്ക് ശേഷം ആയിരിക്കും . കുട്ടികൾ പത്തുമണിക്കുള്ള കുർബാനക്ക് മാതാപിതാക്കളോടൊപ്പം പങ്കെടുത്തശേഷം ക്ളാസ്സുകളിൽ എത്തിച്ചേരുക . ക്ലാസ് ഒരുമണിവരെ ആയിരിക്കും.

2) പാരിഷ് കൗൺസിൽ മീറ്റിംഗ്. സെ.മേരിസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ പാരീഷ് കൗൺസിൽ അംഗങ്ങളുടെ മീറ്റിംഗ് മാർച്ച് പതിനെട്ടാം തീയതി തിങ്കളാഴ്ച വൈകിട്ട് 7 മണിക്കത്തെ വിശുദ്ധ കുർബാനയ്ക്കുശേഷം നടത്തുന്നതായിരിക്കും.

3) അടുത്ത ഞായറാഴ്ച (മാർച്ച് 24) 10 മണിക്കത്തെ വിശുദ്ധ കുർബാനയ്ക്കുശേഷം മെൻസ് ആൻഡ് വിമൻസ് മിനിസ്ട്രി എക്സിക്യൂട്ടീവിന്റെ സംയുക്ത മീറ്റിംഗ് ഉണ്ടായിരിക്കും.

## കുടിവെള്ള പദ്ധതിക്കായി സി.സി.ഡി. കുട്ടികൾ കൈകോർക്കുന്നു

ക്രിസ്തുമസ് കാലത്തു ചിക്കാഗോ സെ.മേരിസ് വേദപാഠ സ്കൂൾ കുട്ടികൾ നടപ്പിലാക്കിയ ആട് വിതരണ പദ്ധതിയുടെ വിജയകരമായ പൂർത്തീകരണത്തിനുശേഷം നോയമ്പ് കാലത്തു മറ്റൊരു പദ്ധതിക്കായി വഴിയൊരുക്കുന്നു. "വാട്ടർ ചലഞ്ച്" എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതിയിലൂടെ പാവപ്പെട്ടവർക്ക് കുടിവെള്ള വിതരണം ആണ് ലക്ഷ്യമിടുന്നത് .



കേരളത്തിൽ ഏപ്രിൽ , മെയ് , ജൂൺ മാസങ്ങളിൽ ഉണ്ടാകുന്ന കടുത്ത വരൾച്ച മൂലം കുടിവെള്ളം ലഭിക്കാത്ത പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുവാനുള്ള പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. ഒരു വലിയ ടാങ്ക് / ലോഡ് കുടിവെള്ളം അർഹമായ പ്രദേശങ്ങളിൽ എത്തിക്കുന്നതിന് ഏകദേശം ആയിരം രൂപയാണ് ( 15 ഡോളർ ) ചെലവ് പ്രതീക്ഷിക്കുന്നത്. ഒരു ടാങ്ക് കുടിവെള്ളം അർഹതപ്പെട്ട ഗ്രാമങ്ങളിൽ എത്തിച്ചാൽ നിരവധി കുടുംബങ്ങൾക്കാണ് പ്രയോജനം ലഭിക്കുക . ഈ നോയമ്പുകാലത്തു നമ്മുടെ കുട്ടികൾ ത്യാഗപൂർവം ഒഴിവാക്കുന്ന ചോക്ലേറ്റ് , ഐസ് ക്രീം, വിലപിടിപ്പുള്ള കളിപ്പാട്ടങ്ങൾ എന്നിവയിൽ നിന്നും പണം സ്വരൂപിച്ചു കുടിവെള്ള പദ്ധതിക്കായി കൈകോർക്കുന്നു . ഒരു കുട്ടി ചുരുങ്ങിയത് ഒരു ലോഡ് വെള്ളം എങ്കിലും സ്പോൺസർ ചെയ്യുവാനാണ് ശ്രമിക്കുന്നത് . മാതാപിതാക്കളുടെ പ്രോത്സാഹനത്തോടെ ഭവനങ്ങളിൽ കുട്ടികൾ ചെറിയ പിഗി ബാങ്കിലോ, ടിന്നുകളിലോ സൂക്ഷിക്കുന്ന പൈസ അടുത്തുവരുന്ന പുതു ഞായറാഴ്ച പള്ളിയിൽ സമാഹരിച്ചുകൊണ്ടാണ് പുതിയ സംരംഭത്തിന് വഴിയൊരുക്കുന്നത്. വളരെ കൃത്യതയോടുകൂടി ഹൈറേഞ്ച് ഗ്രീൻവാലി ഡെവലപ്മെന്റ് സൊസൈറ്റി മുഖേനയായിരിക്കും അർഹമായ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നത് . ഈ പദ്ധതിയിലൂടെ പാവപ്പെട്ടവർക്ക് സഹായം ലഭിക്കുകയും ഒപ്പം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ കുട്ടികൾക്ക് അവസരം ലഭിക്കുകയും ചെയ്യുന്നു.

| നോമ്പുകാലം മൂന്നാം ഞായർ / Third Sunday of Lent | | | |
|---|---|---|---|
| **Mar 17** | **PASSAGE** | **10:00 AM Mass** | **11 PM Mass** |
| 1st Reading | Gen 07: 06-24 | Stephen Chollampel | Philip Chengalavan |
| 2nd Reading | Rom 07 : 14-25 | Sindhu Pulikathottiyil | Joseph Kumbukal |
| Gospel | Mt 20: 17-28 | | |

# ചിക്കാഗോ സെ.മേരിസിൽ വനിതാദിനം ആഘോഷിച്ചു.

ലോകവനിതാ ദിനാഘോഷങ്ങളുടെ ഭാഗമായി മാർച്ച് ഒമ്പതാം തീയതി ശനിയാഴ്ച ചിക്കാഗോ സെ. മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ വനിതാദിനം ആഘോഷിച്ചു.

രാവിലെ 10 മണിക്കത്തെ വിശുദ്ധ കുർബാനയ്ക്കുശേഷം ഇടവക അസി. വികാരി ഫാദർ ബിൻസ് ചേത്തലിൽ സ്ത്രീശാക്തീകരണം കുടുംബത്തിലും സമൂഹത്തിലും എന്ന വിഷയത്തെ കുറിച്ച് ക്ലാസ്സെടുത്തു. ഇടവകയിലെ മുതിർന്ന മാതാക്കളെ ആദരിച്ചുകൊണ്ട് ആയിരുന്നു ആഘോഷങ്ങളുടെ ആരംഭം. സീനിയർ സിറ്റിസൺ എലി ജോസഫ് കുന്നത്ത് കിഴക്കേതിൽ സംഗമം ഉദ്ഘാടനം ചെയ്തു. വനിതാ പ്രതിനിധി ബിനി തെക്കനാട്ട് ചടങ്ങിൽ സ്വാഗതം ആശംസിച്ചു. തുടർന്ന് ഇടവകയിലെ വുമൻസ് മിനിസ്ട്രിയുടെ ആമുഖത്തിൽ വൈവിധ്യമാർന്ന കലാ മത്സരങ്ങൾക്ക് വേദിയൊരുക്കി. വ്യത്യസ്തമായ താരാട്ടു പാട്ടിന്റെ ദൃശ്യാവിഷ്കാര മത്സരം ഏറെ ആനന്ദകരമായി. ഈ മത്സരത്തിലെ പുരുഷ പങ്കാളിത്തം ഏവരിലും കൗതുകം ജനിപ്പിച്ചു. കൂടാതെ മറ്റൊരു ഇനമായിരുന്ന ചിക്കൻ ഫീഡ് & ക്യാച്ച് മത്സരവും ഏവരെയും ആഹ്ലാദാരവത്താൽ ആവേശഭരിതരാക്കി. നൂറുകണക്കിന് ജനങ്ങൾ പങ്കെടുത്ത വനിതാ ദിനാഘോഷങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് വുമൻസ് മിനിസ്ട്രി ഭാരവാഹികളും, ചർച്ച് എക്സിക്യൂട്ടീവും വേണ്ട ക്രമീകരണങ്ങൾ ഒരുക്കി.












## വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാളും ജോസഫ് നാമധാരി സംഗമവും ചൊവ്വാഴ്ച വൈകിട്ട് ഏഴുമണിക്ക്.



സെ.മേരിസിൽ എട്ടു ദിവസമായി നടക്കുന്ന വിശുദ്ധ യൗസേപ്പിതാവിന്റെ നോവേന തിരുനാളിന് മാർച്ച് 19 ചൊവ്വാഴ്ച സമാപനം കുറിക്കും. അന്നേദിവസം വൈകിട്ട് 7 മണിക്ക് ആരംഭിക്കുന്ന വിശുദ്ധ ബലിയെ തുടർന്ന് നൊവേനയും എല്ലാ ജോസഫ് നാമധാരികളുടെ സംഗമവും ഊട്ടു നേർച്ചയും ഉണ്ടായിരിക്കും.



പ്രശസ്ത സുവിശേഷ പ്രഘോഷകൻ ബ്രദർ സാബു ആറുതൊട്ടി നയിക്കുന്ന രോഗസൗഖ്യ ധ്യാനം ജൂലൈ 4,5,6 തീയതികളിൽ നടത്തപ്പെടുന്നു. ക്നാനായ കാത്തലിക് റീജിയന്റെ ആഭിമുഖ്യത്തിൽ സെയിംന്റ് ചാൻസിൽ ഉള്ള ഫെയ്യന്റ് റൺ റിസോർട്ടിൽ വച്ചായിരിക്കും ഈ ത്രിദിന റെസിഡൻഷ്യൽ ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. ധ്യാനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം ഉണ്ടായിരിക്കും. Knanayaregion.org/retreat

*Online Registration :* www.Knanayaregion.org/retreat

# Retreat Registration Form

## Residential Retreat led by Br. Sabu Aruthottiyil

**July 4-6, 2019 @ 4051 E Main St, St. Charles, IL**

Family Name: Full Name:

Home Address:

Telephone: E-mail:

**Retreat Participants:**

| # | First Name | Last Name | Age | Gender | Fees |
|---|---|---|---|---|---|
| 1 | | | | | $280 |
| 2 | | | | | $280 |
| 3 | | | | | $180 |
| 4 | | | | | $180 |
| Prices are per person based on shared occupancy. Please add $125, if you don't want to share your room with others. | | | **Total Fee** | | |
| **Special Needs/Comments:** | | | | | |

PARTICIPANTS NOTES:

1. Seats are limited and offered on a first come first serve basis.
2. Children below age 2 are free. All others pay as given above.
3. Retreat will start on Thursday July 4th, 2019 at 10:00am and end on Saturday July 6th at 4:00pm.
4. Registration fee includes food, accommodation, and organizational expenses starting with lunch on Thursday and ending with lunch on Saturday.
5. Please send the registration form along with the check in favor of **KNANAYA CATHOLIC REGION** to **Retreat Registration, 7800 Lyons St, Morton Grove, IL 60053**.
6. Br Sabu Aruthottiyil will lead the retreat in Malayalam. There will not be separate tracks for youth or kids.
7. Please visit www.knanayaregion.org/retreat for updates.
8. For details, please contact: Fr. Thomas Mulavanal 310 709-5111, Fr. Bins Chethalil 281 818-6518, Sabu Madathilparambil 847-276-7354, Biby Thekkanatt 248 974-5100
9. Please keep this retreat in your daily prayers.

Date: Signature:

## സെന്റ് മേരീസ് യൂത്തിന്റെ ക്യാമ്പസ് മിനിസ്ട്രി മാർച്ച് 14 വ്യാഴാഴ്ച ആരംഭിച്ചു .

ഇടവക കുടുംബത്തിന്റെ സ്നേഹ വിശേഷങ്ങളുമായി ചിക്കാഗോ സെന്റ് മേരീസ് ഇടവകയിലെ യൂത്ത് മിനിസ്ട്രി തങ്ങളുടെ പുതിയ ദൗത്യമായ ക്യാമ്പസ് മിനിസ്റ്റട്രിക്ക്  തുടക്കകുറിച്ചു. വ്യാഴാഴ്ച വൈകുന്നേരം 6.30 ന് ഡി പോൾ യൂണിവേഴ്സിറ്റിയിലെ യുവജനങ്ങൾക്ക് വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് സ്നേഹവിരുന്നൊരുക്കി അവരോടൊപ്പം ഇടവക വിശേഷങ്ങൾ പങ്കുവെച്ചു  . ഇടവകയുടെ ഭാവി സുരക്ഷിതമാക്കേണ്ട യുവജനങ്ങളെ ദൈവകാരത്തോടു ചേർത്തു വെച്ചു ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം.







